**No. CEE/4848/2013/KEAM-2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## KEAM 2014: രണ്ടാം ഘട്ട അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള ഓൺലൈൻ സൗകര്യം ലഭ്യമാക്കി

2014–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് **19.07.2014** ന് പ്രസിദ്ധീകരിച്ചു. രണ്ടാം ഘട്ട അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചവരും, അലോട്ട്മെന്റിൽ മാറ്റം വന്നവരും **2014 ജൂലൈ 21, 22** തീയതികളിൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ട ഫീസ്/ബാക്കി തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിൽ അടയ്ക്കേണ്ടതാണ്. നിശ്ചിത തിയതികളിൽ ഫീസ്/അധിക തുക അടയ്ക്കാത്തവരെ ഒഴിവാക്കി മൂന്നാം ഘട്ട അലോട്ട്മെന്റ് **23.07.2014**–ന് പ്രസിദ്ധീകരിക്കുന്നതാണ്.

രണ്ടാം ഘട്ടത്തിൽ ലഭ്യമായ അലോട്ട്മെന്റ് ഏതെങ്കിലും കാരണത്താൽ റദ്ദ് ചെയ്യണമെങ്കിൽ അതിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. വെബ്സൈറ്റിലെ **'KEAM 2014-Allotment Cancellation'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥിയുടെ **റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, കീ നമ്പർ** എന്നിവ നൽകുമ്പോൾ ദൃശ്യമാകുന്ന പേജിൽ നിർദ്ദിഷ്ട സ്ഥാനത്ത് അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള കാരണം ടൈപ്പ് ചെയ്ത ശേഷം നിർദ്ദേശങ്ങൾക്കനുസൃതമായി അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാവുന്നതാണ്. **21.07.2014 ന് വൈകുന്നേരം 5 മണിവരെ** മാത്രമേ ഓൺലൈനായി അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകുകയുള്ളൂ. അലോട്ട്മെന്റ് റദ്ദാക്കുന്നതിന് തപാൽ/ഇ–മെയിൽ/ഫാക്സ് എന്നിവ മുഖേന ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**ഇത്തരത്തിൽ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നവരുടെ നിലവിലെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. ഇവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിലവിലുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പരിഗണിക്കുന്നതല്ല.**

പ്രത്യേക ശ്രദ്ധയ്ക്ക്: ***രണ്ടാം ഘട്ട അലോട്ട്മെന്റിനു ശേഷം നിലവിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിന് മേൽപറഞ്ഞ സൗകര്യം വിദ്യാർത്ഥികൾ വിനിയോഗിക്കാൻ പാടില്ലാത്തതാകുന്നു.***

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
19.07.2014